(21) പേപ്പട്ടി വിഷ ചികിൽസയ്ക്കുള്ള വാക്സിൻ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, സംസ്ഥാന വ്യാപകമായി പേപ്പട്ടി വിഷബാധയെ സംബന്ധിച്ചുള്ള ഭീതിജനകമായ വാർത്തകളാണ് ദിനംപ്രതി വന്നുകൊണ്ടിരിക്കുന്നത്. വർക്കലയിലും പരിസര പഞ്ചായത്തുകളിലും ധാരാളമായി പേപ്പട്ടിവിഷബാധ ഏറ്റ വിവരം എനിക്ക് കിട്ടിയിട്ടുണ്ട്. പേപ്പട്ടി വിഷബാധയേറ്റ് ആ വിഷം അധികരിച്ചു കഴിഞ്ഞാൽ മനുഷ്യന്റെ അന്ത്യം വളരെ ദയനീയമായിരിക്കും. അതിന് വേറെ ചികിൽസ ഇല്ലെന്നുള്ളതാണ് ഏറ്റവും ഖേദകരമായ വസ്തുതയാണ്. തിരുവനന്തപുരത്തുള്ള പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ നിർമ്മിക്കുന്ന വാക്സിൻ പേപ്പട്ടി വിഷബാധയെ ചെറുക്കുന്നതിന് പര്യാപ്തമല്ലെന്ന് അടുത്ത കാലത്തുണ്ടായ ചില സംഭവങ്ങൾ തെളിയിച്ചിരിക്കുകയാണ്. ഒരു പരീക്ഷണാർത്ഥം പ്രയോഗിക്കേണ്ടതല്ല ഈ വാക്സിൻ. ഞാൻ ഇതിന്റെ ബന്ധപ്പെട്ട അധികൃതരുമായി സംസാരിച്ച അവസരത്തിൽ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന വാക്സിൻ അപര്യാപ്തമാണെന്നും തമിഴ്നാട്ടിലുള്ള കുന്നൂർ എന്ന പ്രദേശത്ത് വളരെ ഇഫക്ടീവായിട്ടുള്ള വാക്സിൻ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും മനസ്സിലായി. അത് തെർമോ ഫ്ളാസ്കുകളിൽ സൂക്ഷിച്ചിരുന്നാൽ നാട്ടുകാർക്ക് പ്രയോജനപ്രദമായ രീതിയിൽ കുത്തി വയ്ക്കാൻ കഴിയും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് ഗവൺമെന്റ് മുഖാന്തിരം തന്നെ കുന്നൂരിൽ നിന്നും ഇഫക്ടീവായിട്ടുള്ള വാക്സിൻ വരുത്തി ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങളുടെ ജീവൻ പേപ്പട്ടി വിഷബാധയിൽ നിന്നും രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വളരെ അധികൃതമായി കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ സബ്മിഷൻ ഈ സഭയിൽ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അത്ര വ്യാപകമായി ആവശ്യമായി വരുന്ന ഒരു വാക്സിനല്ല ഇത്. പക്ഷേ ആവശ്യമുള്ള സ്ഥലങ്ങളിൽ ഒക്കെ ഇത് എത്തിച്ചുകൊടുക്കാൻ വ്യവസ്ഥയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ശരിയല്ല. കാരണം ഇവിടെയുള്ള വാക്സിൻ അത്ര മോശമല്ല എന്നു മാത്രമല്ല അത് ഉപയോഗിച്ചിട്ട് ഒട്ടേറെ കേസുകൾ മാറിയിട്ടുമുണ്ട്. ഏതായാലും ഈ ലബോറട്ടറിയിൽ നിർമ്മിക്കുന്ന വാക്സിൻ ആവശ്യപ്പെടുന്ന അവസരത്തിൽ അതാതു സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കാൻ സംവിധാനമുണ്ട്. അതിന്റെ ക്വാളിറ്റിയെ സംബന്ധിച്ച കാര്യം ഒന്നുകൂടി പരിശോധിക്കുന്നതാണ്.

(22) വണ്ടിപ്പെരിയാർ—കുമിളി പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. കെ. കെ. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ വണ്ടിപ്പെരിയാർ, കുമിളി പഞ്ചായത്തുകളിൽ വോൾട്ടേജ് കുറവുമൂലം ഇലക്ട്രിസിറ്റി ഉപഭോക്താക്കൾക്ക് വർഷങ്ങളായി ഉണ്ടായിരിക്കുന്ന ഗുരുതരമായ ബുദ്ധിമുട്ട് ഖേദപൂർവ്വം ഞാൻ വിവരിക്കുന്നു.

ആർ.ഇ.സി. സ്കീമിൽ ഉൾപ്പെട്ട എന്റെ നിയോജകമണ്ഡലമായ പീരുമേടിൽ 66 കെ. വി. പവർ സ്റ്റേഷനാണ് ആകെയുള്ള സംഭരണ കേന്ദ്രം. ഇത് 25 വർഷം മുമ്പ് സ്ഥാപിച്ചതാണ്. 25 വർഷത്തിനു ശേഷം 25 ഇരട്ടി വിദ്യുച്ഛക്തി ഉപഭോഗം വർദ്ധിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly